**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5805** **16-03-2023 - ൽ മറുപടിയ്ക്ക്**

**'108' ആംബുലൻസ് സേവനത്തിനായി സ്വകാര്യ ആംബുലൻസ് സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ ആംബുലൻസ് സർവീസുകൾ ഈടാക്കുന്ന കിലോമീറ്റർ നിരക്ക്, കനിവ് '108' ആംബുലൻസ് സർവീസ് നടത്തുന്നതിന് കരാർ നൽകിയിട്ടുള്ള കമ്പനി ഈടാക്കുന്ന കിലോമീറ്റർ നിരക്കിനേക്കാൾ വളരെ കുറവാകയാലും അത് സർക്കാരിന് ഏറെ ലാഭകരമായതിനാലും '108' ആംബുലൻസ് സേവനത്തിനായി സംസ്ഥാനത്തെ സ്വകാര്യ ആംബുലൻസ് സർവീസുകളെ കൂടി പരിഗണിക്കുന്നത് പരിശോധിക്കുമോ; വിശദാംശം അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് ആഗ്രഗേറ്റർ മോഡൽ ആംബുലൻസ് സർവീസ് നടത്തുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖേന GVK-EMRI എന്ന കമ്പനിക്ക് ടെൻഡർ നൽകുകയും പ്രസ്തുത കമ്പനി ടെൻഡർ വ്യവസ്ഥകൾക്കനുസൃതമായി സർവീസ് നടത്തി വരുന്നു. 315 BLS ആംബുലൻസുകളുമായി പ്രവർത്തിക്കുന്ന പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് ഇന്ധനം, കെട്ടിടവാടക, ജീവനക്കാരുടെ ശമ്പളം, മരുന്നുകൾ തുടങ്ങിയ എല്ലാ ചിലവുകളും കമ്പനി വഹിക്കേണ്ടതാണ്. ആംബുലൻസുകളുടെ സേവനം ആവശ്യപ്പെട്ട് 108 എന്ന ടോൾഫ്രീ നമ്പറിലേക്ക് വിളിച്ചാൽ നഗരപ്രദേശങ്ങളിൽ 15 മിനിറ്റുകൾക്ക് ഉള്ളിലും ദുർഘട പ്രദേശങ്ങളിൽ (വയനാട്, ഇടുക്കി ജില്ലകൾ) 30 മിനിറ്റുകൾക്ക് ഉള്ളിലും ഗ്രാമപ്രദേശങ്ങളിൽ 20 മിനിറ്റുകൾക്ക് ഉള്ളിലും സേവനം നൽകണം. ഇത്തരത്തിൽ സേവനം നൽകിയില്ലെങ്കിൽ 80% സാഹചര്യങ്ങളിലും പ്രസ്തുത കമ്പനി പിഴ കൊടുക്കേണ്ടതാണ്. ഒരു വാഹനം പ്രവർത്തനക്ഷമം അല്ലെങ്കിൽ പകരം മറ്റൊരു വാഹനം ഏർപ്പാടാക്കേണ്ടതുണ്ട്. പ്രവർത്തനക്ഷമം അല്ലാത്ത വാഹനങ്ങൾ ഏതൊരു ദിവസവും ഒരു മണിക്കൂറിൽ കൂടുതൽ സർവീസ് മുടക്കുകയാണെങ്കിൽ അതിന് പിഴ ഒടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ വളരെ കണിശമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉള്ള ഒരു സർവീസ് ആണ് കനിവ് 108 ആംബുലൻസ് സർവീസ്. എല്ലാ ആംബുലൻസുകളും ജി.പി.എസ് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്നതാണ്. ഈ വാഹനങ്ങൾക്ക് എപ്പോൾ കോളുകൾ വന്നു, എപ്പോൾ വാഹനം സ്റ്റാർട്ട് ചെയ്തു, എപ്പോൾ സേവനം ആവശ്യപ്പെട്ട സ്ഥലത്ത് എത്തി, എപ്പോൾ ആശുപത്രിയിൽ എത്തി, എപ്പോൾ തിരിച്ചു എത്തി എന്നിവ സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തുകയും |

| | | | |
|---|---|---|---|
| | | | അത് തൽസമയം കേരള മെഡിക്കൽ സർവീസസ് കോർപറേഷനിലെ മിറർ സർവറിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൺട്രോൾ റൂമിലേക്ക് വരുന്ന എല്ലാ കോളുകളും അവിടെ റെക്കോർഡ് ചെയ്ത് സൂക്ഷിച്ചുവരുന്നു. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന 24- മണിക്കൂർ സേവനം നടത്തുന്ന 150 വാഹനങ്ങളും 12-മണിക്കൂർ സേവനം നടത്തുന്ന 165 വാഹനങ്ങളുമാണ് കനിവ് 108 വാഹനവ്യൂഹത്തിൽ ഉള്ളത്.<br><br>കനിവ് 108 ആംബുലൻസുകൾ കേരളത്തിൽ സൗജന്യമായാണ് പൊതുജനങ്ങൾക്ക് സർവീസ് നടത്തി വരുന്നത്. സ്വകാര്യ ആംബുലൻസുകൾക്ക് പ്രവർത്തിക്കുന്നതിനായി സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടില്ല. അതിനാൽ പല രീതിയിൽ ഉള്ള നിരക്കുകളാണ് ഈടാക്കുന്നത്. സംസ്ഥാനത്തെ ഭൂരിപക്ഷം സ്വകാര്യ ആംബുലൻസുകളും പരിശീലനം ലഭിച്ച നഴ്സിന്റെ സേവനം കൂടാതെയാണ് പ്രവർത്തിച്ചു വരുന്നത്. ഇത്തരത്തിലുള്ള സ്വകാര്യ ആംബുലൻസുകളിൽ ചികിത്സയോ മരുന്നുകളോ കൺട്രോൾ റൂം സേവനങ്ങളോ ലഭ്യമല്ല.<br><br>മേൽ കാരണങ്ങളാൽ സ്വകാര്യ ആംബുലൻസുകളെ കനിവ് 108 പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ